REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 03-05-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- തിരഞ്ഞെടുപ്പിനു ശേഷം നടപ്പാക്കുന്ന ഗുണഭോക്തൃ പദ്ധതികൾക്കായി വ്യക്തികളെ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും രാഷ്ട്രീയ പാർട്ടികൾ അവസാനിപ്പിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ.
- അഞ്ചാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം ഇന്ന് അവസാനിയ്ക്കും. മൂന്നാംഘട്ട പ്രചാരണത്തിന് മറ്റന്നാൾ വൈകിട്ട് സമാപനം.
- ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ ആലപ്പുഴ, പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകാതിരിക്കാൻ തൂതപ്പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് മലപ്പുറം ജില്ലാകളക്ടർ നിയന്ത്രണമേർപ്പെടുത്തി.
- വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

## വാർത്തകൾ വിശദമായി

**തിരഞ്ഞെടുപ്പിനു ശേഷം നടപ്പാക്കുന്ന ഗുണഭോക്തൃ പദ്ധതികൾക്കായി പരസ്യങ്ങളും സർവേകളും ആപ്പുകളും മുഖേന വ്യക്തികളെ രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ദേശീയ- സംസ്ഥാന രാഷ്ട്രീയ പാർട്ടികൾ അവസാനിപ്പിക്കണമെന്നും അവയിൽ നിന്ന് വിട്ടു നിൽക്കണമെന്നും കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശം നൽകി.**

1951ലെ ജനപ്രാതിനിധ്യ നിയമ പ്രകാരം കൈക്കൂലിയും അഴിമതിയുമായി ബന്ധപ്പെട്ട നടപടിയായാണു ഇതിനെ കാണുന്നതെന്നും കമ്മീഷൻ വ്യക്തമാക്കി. തെരഞ്ഞെടുപ്പിനു ശേഷം നൽകുന്ന ആനുകൂല്യങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ വ്യക്തിഗത വോട്ടർമാരെ ക്ഷണിക്കുന്ന പ്രവൃത്തി, വോട്ടിന് പ്രതിഫലമെന്ന രീതിയിൽ പ്രലോഭനത്തിലേക്കു നയിക്കുമെന്നും കമ്മീഷൻ പറഞ്ഞു.

ഇത്തരം പരസ്യങ്ങൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി.

✪✪✪

അഞ്ചാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം ഇന്ന് അവസാനിയ്ക്കും. നാളെയാണ് സൂക്ഷ്മ പരിശോധന. തിങ്കളാഴ്ചയാണ് പത്രിക പിൻവലിക്കാൻ അവസാന തീയതി.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)........

ആറു സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളായ ജമ്മുകശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലുമായി 49 മണ്ഡലങ്ങളിലാണ് അഞ്ചാം ഘട്ടത്തിൽ ഈ മാസം 20 ന് വോട്ടെടുപ്പ്. ഉത്തർപ്രദേശിലെ 14, മഹാരാഷ്ട്രയിലെ 13, പശ്ചിമ ബംഗാളിലെ 7, ബിഹാറിലെ 5, ജാർഖണ്ഡിലെ 3 മണ്ഡലങ്ങളും ജമ്മുകശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ഓരോ മണ്ഡലവുമാണ് ഈ ഘട്ടത്തിൽ വിധിയെഴുതുന്നത്.

അതേസമയം, മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ലോക്സഭാ മണ്ഡലങ്ങളിൽ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും. 10 സംസ്ഥാനങ്ങളിലെയും, ദാദ്ര- നാഗർഹവേലി, ദാമൻ ദിയുവിലെയും 93 സീറ്റുകളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്.

ഗുജറാത്തിലെ 26 ഉം, കർണാടകയിലെ 14 ഉം, മഹാരാഷ്ട്രയിലെ 11 ഉം, ഉത്തർപ്രദേശിലെ പത്തും, മധ്യപ്രദേശിലെ എട്ടും, ഛത്തീസ്ഗഡിലെ ഏഴും, ബിഹാറിലെ അഞ്ചും, പശ്ചിമബംഗാളിലെ നാലും മണ്ഡലങ്ങൾ ഇതിലുൾപ്പെടുന്നു. ഗോവയിലെ രണ്ടു മണ്ഡലങ്ങളും ചൊവ്വാഴ്ച പോളിംഗ് ബൂത്തിലെത്തും.

✪✪✪

**ഉത്തർപ്രദേശിലെ കൈസർഗഞ്ച്, റായ്ബറേലി മണ്ഡലങ്ങളിൽ BJP സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. റായ്ബറേലിയിൽ മന്ത്രി ദിനേശ് പ്രതാപ് സിങ്ങാണ് സ്ഥാനാർത്ഥി. നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കാനിരിക്കെ അമേഠിയിലും, പ്രമുഖ നേതാവ് സോണിയാഗാന്ധി ജയിച്ചുവന്ന റായ്ബറേലിയിലും പാർട്ടി ഇതുവരെ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിട്ടില്ല. രാഹുൽഗാന്ധി ഇന്ന് റായ്ബറേലിയിൽ പത്രിക സമർപ്പിച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ.**

**കൈസർഗഞ്ചിൽ സിറ്റിംഗ് എംപി ബ്രിജ് ഭൂഷൺ ശരൺ സിങ്ങിന്റെ മകൻ കരൺ ഭൂഷൺ സിംഗിനെയാണ് BJP സ്ഥാനാർത്ഥിയാക്കിയത്.**

✪✪✪

**2014 ൽ ജനങ്ങൾക്ക് തന്നിൽ പ്രതീക്ഷയായിരുന്നുവെന്നും, 2019 ൽ ആ പ്രതീക്ഷകൾ വിശ്വാസമായി മാറിയെന്നും പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്ര മോദി പറഞ്ഞു. അത് പ്രതീക്ഷയിൽ നിന്ന് തുടങ്ങി, വിശ്വാസത്തിന്റെ ഘട്ടത്തിലെത്തി. ഇപ്പോൾ ഗ്യാരണ്ടിയായി മാറിയെന്നും അദ്ദേഹം പറഞ്ഞു. കഠിനാധ്വാനം, പ്രകടനം, സ്ഥിരത, വ്യക്തത എന്നിവയാണ് ഇതിന് കാരണമെന്ന് ഒരു വാർത്താ ചാനലിന് നൽകിയ അഭിമുഖത്തിൽ മോദി പറഞ്ഞു.**

**BJP ഭരണഘടന മാറ്റുമെന്ന് അവകാശപ്പെട്ട് കോൺഗ്രസ് നുണകൾ പ്രചരിപ്പിക്കുകയാണെന്ന് മോദി ആരോപിച്ചു. കോൺഗ്രസിന്റെ പ്രകടന പത്രികയിൽ മുസ്ലീം ലീഗിന്റെ പ്രത്യയശാസ്ത്രത്തിന്റെ പ്രതിഫലനമുണ്ടെന്നും അവരുടെ ഹിഡൻ അജണ്ട വളരെ വ്യക്തമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.**

✪✪✪

**കോൺഗ്രസ് കേന്ദ്രത്തിൽ ഗവൺമെന്റ് രൂപീകരിച്ചാൽ ദരിദ്രർക്ക് ഗുണം ചെയ്യുമെന്നും, സമ്പത്ത് കോൺഗ്രസ് എടുക്കില്ലെന്നും പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ വോട്ടർമാർക്ക് ഉറപ്പുനൽകി. BJP യിൽ നിന്ന് ഭരണഘടനയെ രക്ഷിക്കാൻ കോൺഗ്രസിന് മാത്രമേ കഴിയൂവെന്ന് പാർട്ടി നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. കർണാടകയിലെ ശിവമോഗയിൽ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു ഇരു നേതാക്കളും.**

✪✪✪

കേന്ദ്രത്തിലെ BJP ഗവൺമെന്റ് കർഷകരുടെയും തൊഴിലാളികളുടെയും താൽപര്യങ്ങൾക്കെതിരായാണ് പ്രവർത്തിക്കുന്നതെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി കുറ്റപ്പെടുത്തി. രാജ്യത്തെ തൊഴിലില്ലായ്മ 45 വർഷത്തെ ഉയർന്ന നിരക്കിലെത്തിയെന്നും, തൊഴിലിന്റെ എല്ലാ വഴികളും മോദി ഗവൺമെന്റ് അടച്ചെന്നും അവർ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റുവെന്നും, നോട്ട് നിരോധനത്തെ തുടർന്ന് ചെറുകിട വ്യവസായങ്ങൾ അടച്ചു പൂട്ടിയെന്നും,മധ്യപ്രദേശിലും ഛത്തീസ്ഗഡിലും തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പ്രിയങ്ക ആരോപിച്ചു.

✪✪✪

കേന്ദ്രത്തിലെ BJP ഗവൺമെന്റ് കർഷകരുടെയും തൊഴിലാളികളുടെയും താൽപര്യങ്ങൾക്കെതിരായാണ് പ്രവർത്തിക്കുന്നതെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി കുറ്റപ്പെടുത്തി. രാജ്യത്തെ തൊഴിലില്ലായ്മ 45 വർഷത്തെ ഉയർന്ന നിരക്കിലെത്തിയെന്നും, തൊഴിലിന്റെ എല്ലാ വഴികളും മോദി ഗവൺമെന്റ് അടച്ചെന്നും അവർ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റുവെന്നും, നോട്ട് നിരോധനത്തെ തുടർന്ന് ചെറുകിട വ്യവസായങ്ങൾ അടച്ചു പൂട്ടിയെന്നും,മധ്യപ്രദേശിലും ഛത്തീസ്ഗഡിലും തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പ്രിയങ്ക ആരോപിച്ചു.

✪✪✪

മുതിർന്ന BJP നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത്ഷായ്ക്കെതിരെ വ്യാജ വീഡിയോ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് കോൺഗ്രസ് ഐ ടി സെല്ലിലെ അഞ്ചു പേരെ തെലങ്കാന പൊലീസ് കസ്റ്റഡിയിലെടുത്തു. കേസ് അന്വേഷിക്കുന്നതിന് ഡൽഹി പൊലീസ് സംഘം തെലങ്കാനയിലെത്തിയിട്ടുണ്ടെങ്കിലും, ഹൈദരാബാദ് സൈബർ ക്രൈം സംഘമാണ് ഇവരെ കസ്റ്റഡിയിലെടുത്തത്.

✪✪✪

സംസ്ഥാനത്ത് ഉഷ്ണതരംഗ സാധ്യത തുടരുന്നതിനാൽ ഇന്നും നാല് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ആലപ്പുഴ, പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിലാണ് ജാഗ്രത.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്) ..........

വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ തിങ്കളാഴ്ച വരെ താപനില 3 മുതൽ 5 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസായി തുടരുകയാണ്.

അതേസമയം, 10 ജില്ലകളിൽ ഇന്ന് മഴ ലഭിച്ചേക്കും. തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർക്കോട് ഒഴികെ ജില്ലകളിലാണ് മഴയ്ക്ക് സാധ്യത.

നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉഷ്ണതരംഗ സാഹചര്യം കണക്കിലെടുത്ത് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തിങ്കളാഴ്ച വരെ അവധി നൽകി. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാകില്ല.

✪✪✪

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകാതിരിക്കാൻ കൃഷി ആവശ്യത്തിന് തൂതപ്പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിൽ നിയന്ത്രണമേർപ്പെടുത്തി. മലപ്പുറം ജില്ലാ കലക്ടർ V.R വിനോദിന്റെ നിർദേശപ്രകാരമാണ് നടപടി. കട്ടുപ്പാറയിലും രാമഞ്ചാടിയിലും ജലസേചനവകുപ്പ് കാർഷികാവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയാൽ മാത്രമേ കുടിവെള്ള വിതരണത്തിന് ആവശ്യമായ വെള്ളം ലഭിക്കൂ എന്നും കളക്ടർ പറഞ്ഞു.

നിരവധി കർഷകർ പുഴയിൽ പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷി ആവശ്യത്തിന് വെള്ളം ഉപയോഗിക്കുന്നതും കുടിവെള്ള വിതരണത്തെ ബാധിക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. കാഞ്ഞിരപ്പുഴയിൽ നിന്ന് വെള്ളം നൽകുന്നത് വൈകാതെ നിർത്തിവെയ്ക്കാനിടയുണ്ടെന്നും, പെരിന്തൽമണ്ണ, മൂർക്കനാട് പദ്ധതികളിൽ നിന്നു കുടിവെള്ളവിതരണം തടസ്സപ്പെടാനിടയുണ്ടെന്നും കളക്ടർ പറഞ്ഞു. ഈ സാഹചര്യത്തിലാണ് കാർഷികാവശ്യത്തിന് പുഴയിലെ വെള്ളമുപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത്.

✪✪✪

കാസർകോട് ജില്ലയിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിന് തദ്ദേശ ഭരണ സെക്രട്ടറിമാർക്ക് ജില്ലാ കളക്ടർ K ഇമ്പശേഖർ നിർദ്ദേശം നൽകി. നിലവിൽ ജില്ലയിൽ ആശങ്കാജനകമായ സാഹചര്യമില്ല. ബാവിക്കര കുടിവെള്ള പദ്ധതിയിൽ മേയ് 31 വരെ വിതരണത്തിന് കുടിവെള്ളം ലഭ്യമാണെന്നും കളക്ടർ അറിയിച്ചു. തദ്ദേശസ്ഥാപനങ്ങൾ പ്രാദേശിക സ്രോതസുകൾ ഉപയോഗിച്ച് വെള്ളം എത്തിക്കണം. ഏതെങ്കിലും പഞ്ചായത്തിൽ ആവശ്യമായ കുടിവെള്ളം ലഭ്യമല്ലെങ്കിൽ ബാവിക്കര പദ്ധതിയിൽ നിന്ന് കുടിവെള്ളം ഉപയോഗിക്കാം. കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്നവർ കളക്ടറേറ്റിലെ കൺട്രോൾ റൂമിൽ എത്രയും വേഗം അറിയിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ പറഞ്ഞു.

✪✪✪

വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യ സ്വന്തമാക്കി. സിൽഹട്ടിൽ ആതിഥേയരായ ബംഗ്ലാദേശിനെ ഏഴു വിക്കറ്റിന് തോൽപിച്ചാണ് അഞ്ച് മത്സരങ്ങളുടെ പരമ്പര 3-0 ത്തിന് ഇന്ത്യ സ്വന്തമാക്കിയത്.

തിങ്കളാഴ്ചയാണ് പരമ്പരയിലെ നാലാം മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ തോൽപ്പിച്ചു. ഹൈദരാബാദിൽ ഒരു റണ്ണിനായിരുന്നു ഹൈദരാബാദിന്റെ ജയം.

ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മുംബയിൽ വൈകീട്ട് 7.30-നാണ് മത്സരം.

✪✪✪

കസാക്കിസ്ഥാനിലെ അസ്താനയിൽ ASBC ഏഷ്യൻ അണ്ടർ -22 & യൂത്ത് ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ നാല് ഇന്ത്യൻ താരങ്ങൾ കൂടി സെമി ഫൈനലിൽ പ്രവേശിച്ചു.

51 കിലോഗ്രാം വിഭാഗത്തിൽ മൻന്ദേൻഗ്ബാം ജദുമണി സിംഗ്, 57 കിലോ വിഭാഗത്തിൽ നിഖിൽ, 63.5 കിലോ വിഭാഗത്തിൽ അജയ് കുമാർ, 71 കിലോ വിഭാഗത്തിൽ അങ്കുഷ് എന്നിവരാണ് സെമിഫൈനലിൽ പ്രവേശിച്ചത്.

54 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ ആശിഷ്, ക്വാർട്ടർ ഫൈനലിൽ പുറത്തായി.

**ഇന്ന് സെമിഫൈനലിൽ 22 ഇന്ത്യൻ താരങ്ങൾ മത്സരിക്കും.**

✪✪✪

**മുതിർന്ന കോൺഗ്രസ് നേതാവും കണ്ണൂർ പെരിങ്ങോം-വയക്കര പഞ്ചായത്ത് മുൻ പ്രസിഡന്റുമായ കെ. കുഞ്ഞികൃഷ്ണൻ നായർ നിര്യാതനായി. അദ്ദേഹത്തിന് 94 വയസ്സായിരുന്നു.**

**1987-ൽ മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർക്കെതിരേ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ UDF സ്ഥാനാർഥിയായി മത്സരിച്ചിരുന്നു. KPCC നിർവാഹകസമിതിയംഗം, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.**

**സംസ്കാരം ഇന്ന് വൈകിട്ട് നാലിന് വീട്ടുവളപ്പിൽ നടക്കും.**

✪✪✪

**ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നു ദിവസത്തെ പ്രായോഗിക പരിശീലനം കോഴിക്കോട് ജില്ലയിലെ 7 കേന്ദ്രങ്ങളിൽ ആരംഭിച്ചു. എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന 10,938 അധ്യാപകർക്കാണ് ആഗസ്റ്റ് വരെ നീണ്ടു നൽക്കുന്ന പരിശീലനം.**

**അക്കാദമിക മൂല്യം ചോർന്നു പോകാതെയും ഉത്തരവാദിത്തത്തോടെയും നിർമിതബുദ്ധിയുടെ സാധ്യതകൾ ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്ക് ഏറെ വർദ്ധിച്ചിരിക്കുകയാണെന്ന് കൈറ്റ് C.E.O കെ. അൻവർ സാദത്ത് പറഞ്ഞു.**

✪✪✪